# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2798** **06.11.2019 ലെ മറുപടി**

## വിജയം കനാലിലെ ചെളിയും മണ്ണും നീക്കംചെയ്യുന്ന പ്രവൃത്തി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ് :** | | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) ചെല്ലാനം ഗ്രാമപഞ്ചായത്തിലെ വിജയം കനാലിൽ ഓഖി ചുഴലിക്കാറ്റുമൂലം അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിന് 28.06.2019 ലെ സ.ഉ.(സാധാ) നം.459/2019/ ജ.വി.വ. പ്രകാരം 294.417 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ നിജസ്ഥിതി വ്യക്തമാക്കുമോ; | (എ) യും (ബി) യും | ചെല്ലാനം ഗ്രാമപഞ്ചായത്തിലെ വിജയം കനാലിൽ ഓഖി ചുഴലിക്കാറ്റുമൂലം അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിന് 28.06.2019 ലെ സ.ഉ.(സാധാ) നം.459/2019/ ജ.വി.വ. പ്രകാരം 294.417 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനിടെ 2018-ലെ പ്രളയത്തിൽ വിജയം കനാലിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനായി 153.80 ലക്ഷം രൂപയുടെ പ്രവൃത്തികൾ എസ്.ഡി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നു വരുന്നു. അതിനാൽ 28/06/2019-ലെ ഉത്തരവു പ്രകാരം ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതുക്കിയ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**